(ബി) 1.1.99 മുതലുള്ള 10% ഡി.എ. ആണ് കുടിശ്ശികയായി നൽകാനുള്ളത്.

(സി) ഇത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

18 (310) പെൻഷൻകാരുടെ ഡി.എ. കുടിശ്ശിക

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് ഇതേവരെ കേന്ദ്രം അനുവദിച്ചിട്ടുള്ള ഡി.എ. യുടെ എത്ര ഗഡുക്കൾ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻകാർക്ക് കുടിശ്ശികയില്ലാതെ യഥാകാലം ഡി.എ. അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1.1.1999 മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഒരു ഗഡു ഡി.എ. സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് കുടിശ്ശികയുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

19 (311) സമയബന്ധിത ഹയർ ഗ്രേഡിലെ ഓപ്ഷൻ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ 5.2.99ലെ ജി.ഒ.(പി)നം.399/(170)/99/ധന. ഉത്തരവ് പ്രകാരം 1992-ലെ ശമ്പള പരിഷ്കരണത്തിൽ ഉദ്യോഗസ്ഥന്മാർക്ക് സമയബന്ധിത ഹയർഗ്രേഡിൽ ഓപ്ഷനോ, റീ ഓപ്ഷനോ അനുവദിക്കുകയുണ്ടായോ;

(ബി) ഇത് പ്രകാരം ആയിരക്കണക്കിന് ജീവനക്കാർ വിവിധ വകുപ്പുകളിലായി 50,000 രൂപ വരെ മടക്കിയടച്ച് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്നാൽ മേല്പറഞ്ഞ ഉത്തരവ് അതേ പ്രാബല്യത്തിൽ റദ്ദാക്കുകയുണ്ടായോ;

(ഡി) അതിന് വ്യക്തമായ കാരണമെന്തെന്ന് വിശദമാക്കുമോ;

(ഇ) മാസങ്ങൾക്കുശേഷം ഉത്തരവ് റദ്ദ് ചെയ്യുകയാൽ നേരത്തെ തുക മടക്കിയടച്ച് ഓപ്റ്റ് ചെയ്തിട്ടുള്ളവർക്ക് സർക്കാർ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 5.2.99ലെ ജി.ഒ.(പി)നം.399/(178)/99/ധന. പ്രകാരം ഉദ്യോഗസ്ഥന്മാരുടെ സമയബന്ധിത ഹയർ ഗ്രേഡുകൾക്ക് റീ ഓപ്ഷൻ നല്കുവാൻ മൂന്നുമാസത്തെ കാലാവധി അനുവദിച്ചിരിക്കുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)(ഡി)&(ഇ) ഈ ഉത്തരവ്മൂലം സർക്കാരിന് വളരെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ 5.2.99 ലെ സർക്കാർ ഉത്തരവ് അതേ പ്രാബല്യത്തിൽ പിൻവലിക്കുകയുണ്ടായി. ഭീമമായ തുക മടക്കിയടച്ചു ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രസ്തുത ഉത്തരവിൽ വേണ്ട ഭേദഗതികൾ വരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

20 (312) കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 31-ാം തീയതിയിലെ കണക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കോൺട്രാക്റ്റ് വർക്കുകൾ ഏറ്റെടുത്തു നടത്തിയ കോൺട്രാക്ടർമാർക്ക് എന്തു തുക കൊടുത്തു തീർക്കാനുണ്ട്;

(ബി) പണി തീർത്തിട്ട് രണ്ടു വർഷമോ അതിൽ കൂടുതലോ ആയ വർക്കുകളെ സംബന്ധിക്കുന്ന തുക എത്ര വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും ത്രൈമാസ കണക്കുകളാണ് തയ്യാറാക്കുന്നത്. ഇതനുസരിച്ച് 31.3.99 വരെ 481.82 കോടി രൂപ, കെട്ടിടങ്ങളും ലോക്കൽ വർക്ക് വിഭാഗത്തിൽ 1999 മേയ് 31 വരെ 58.85 കോടി രൂപ, രാജപാതകൾ വിഭാഗത്തിൽ 1999-മെയ് 31 വരെ 5.17 കോടി രൂപ.

(ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 297.94 കോടി രൂപാ, കെട്ടിടങ്ങളും ലോക്കൽ വർക്സും വിഭാഗത്തിൽ 4.73 കോടി രൂപാ, രാജപാതകൾ വിഭാഗത്തിൽ കുടിശ്ശിക ഇല്ല.

21 (313) ആറന്മുളയിലെ വൺമാൻ ട്രഷറിയുടെ പ്രവർത്തനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ അനുവദിച്ച "വൺമാൻ ട്രഷറി" യുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ഈ ട്രഷറി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(സി) മുളക്കുഴ പഞ്ചായത്തിന് അനുവദിച്ച "വൺമാൻ ട്രഷറി" എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് വൺമാൻ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കാനാകുമോ എന്ന് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly